# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1171** **04.02.2019 ൽ മറുപടിക്ക്**

## പരിസ്ഥിതി സൗഹാർദ്ദ ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) | തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ 16 പ്രദേശങ്ങളിൽ ആസ്തി വികസന സ്കീമിൽ നിന്നും തുക ചെലവഴിച്ച് പരിസ്ഥിതി സൗഹാർദ്ദ ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് പ്രതീക്ഷാ ബസ് ഷെൽറ്റേഴ്സ് ലിമിറ്റഡിനെ ചുമതലപ്പെടുത്തി 27.02.2016 ന് ഭരണാനുമതി നൽകിയിരുന്ന പ്രവൃത്തിയിൻ മേൽഎന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; കാലതാമസം നേരിട്ടതിനുള്ള കാരണങ്ങൾ വിശദീകരിക്കാമോ; | (എ) & (ബി) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ ബസ് ഷെൽറ്ററുകൾ നിർമ്മിക്കുന്ന പ്രവൃത്തികൾ പ്രതീക്ഷ ബസ് ഷെൽറ്റേഴ്സ് കേരള ലിമിറ്റഡുമായി ജോയിന്റ് വെഞ്ചർ അടിസ്ഥാനത്തിൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന ഗ്രീൻ ട്രേഡേഴ്സ് എന്ന കമ്പനിയെയാണ് ചുമതലപ്പെടുത്തിയിരുന്നത്. SDF സ്കീമിൽ 3 ബസ് ഷെൽറ്ററുകൾ ഈ ധാരണയിൽ കമ്പനി നിർമ്മിച്ചു നിർമ്മിച്ച ബസ് ഷെൽറ്റർ തിരുവനന്തപുരം കോർപ്പറേഷൻ ഏറ്റെടുക്കാൻ തയ്യാറായില്ല എന്നാണ് ടി ജോയിന്റ് വെഞ്ച്വർ കമ്പനി അറിയിച്ചിട്ടുള്ളത്. ആയതിന് അംഗീകാരം ലഭിക്കാത്തതിനാൽ മൂന്നാമത് നിർമ്മിച്ച ബസ് ഷെൽറ്ററിന്റെ ബില്ലുകൾ നൽകിയിട്ടില്ല.2015-2016 ലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ബസ് ഷെൽറ്റർ നിർമ്മിക്കേണ്ട തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ റോഡുകൾ ടി. ആർ. ഡി. സി. എൽ, റോഡ് ഫണ്ട് ബോർഡ് എന്നീ സ്ഥാപനങ്ങളുടെ അധീനതയിൽ ആയതിനാൽ ആ സ്ഥാപനങ്ങളുടെയും അനുമതി ആവശ്യമായിരുന്നു മാത്രമല്ല പണിപൂർത്തിയായ ബസ് ഷെൽറ്ററുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നു രേഖാമൂലമുള്ള ഉറപ്പ് ലഭിച്ചിട്ടില്ല ഇവ ലഭിച്ചെങ്കിൽ മാത്രമേ എൽ.എസ്. ജി.ഡി യുമായി എഗ്രിമെന്റ് വച്ച് പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) | ഭരണാനുമതി പുറപ്പെടുവിച്ച് രണ്ടു വർഷം പിന്നിടുന്ന സാഹചര്യത്തിൽ ഇനിയെങ്കിലും പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ